(ബി) കാച്ചാണി, വെള്ളൈക്കടവ്, കുലശേഖരം, നെട്ടയം, മണലയം, വട്ടിയൂർക്കാവ്, മരുതൻകുഴി, മുടവൻമുകൾ, തൃക്കണ്ണാപുരം, മങ്കാട്ടുകടവ്, തിരുമല, പൂജപ്പുര, കരമന എന്നീ പ്രദേശങ്ങൾ പൂജപ്പുര പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽ പെടുന്നുണ്ടോ;

(സി) വളരെയധികം സ്ഥലങ്ങൾ പൂജപ്പുര പോലീസ് സ്റ്റേഷന്റെ അതിർത്തിയിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് വളരെയധികം വിഷമങ്ങൾ അനുഭവിക്കേണ്ടിവരുന്നു എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഏകദേശം 6230 ഏക്കറോളം വരും.

(ബി) ഉണ്ട്.

(സി) ഉണ്ട്.

വട്ടിയൂർക്കാവ് പോലീസ് ഔട്ട്പോസ്റ്റ്

983 [1583] ശ്രീ. വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് പോലീസ് ഔട്ട് പോസ്റ്റ് എന്നാണ് സ്ഥാപിച്ചത്;

(ബി) പ്രസ്തുത ഔട്ട്പോസ്റ്റ് മുൻപ് ചാർജിംഗ് സ്റ്റേഷൻ ആയിരുന്നോ;

(സി) വട്ടിയൂർക്കാവിൽ സ്ഥാപിച്ചിരുന്ന ചാർജിംഗ് സ്റ്റേഷൻ പൂജപ്പുരക്കു മാറ്റിയിട്ടുണ്ടോ;

(ഡി) വട്ടിയൂർക്കാവിൽ ഇപ്പോഴും നിലവിലുള്ള പോലീസ് ഔട്ട്പോസ്റ്റ് മാറ്റി ചാർജിംഗ് സ്റ്റേഷൻ ആക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 4.4.1940-ൽ

(ബി) ആയിരുന്നു.

(സി) ഉണ്ട്.

(ഡി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സാമ്പത്തിക ഭദ്രതയെ ആശ്രയിച്ചിരിക്കുന്നു.

പൊതുമുതൽ നശീകരണം തടയൽ നിയമം

984 [1584] ശ്രീ. എം.കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പൊതുമുതൽ നശീകരണം തടയൽ നിയമത്തിന് കേന്ദ്രത്തിന്റെ അംഗീകാരം കിട്ടിയോ;

(ബി) കിട്ടിയെങ്കിൽ എന്നാണ് കിട്ടിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമം പ്രാബല്യത്തിൽ വരുത്തിയോ; വരുത്തിയെങ്കിൽ എന്നു മുതൽ;

(ഡി) ഈ നിയമവകുപ്പുകൾ അനുസരിച്ച് ആരുടെയെങ്കിലും പേരിൽ എന്തെങ്കിലും നടപടി ഇതിനകം സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ എന്തെല്ലാം നടപടികൾ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) ഉദിക്കുന്നില്ല.

സസ്പെൻഡ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർ

985 [1586] ശ്രീ. എസ്. തങ്കപ്പൻ പിള്ള:

,, ആർ. സുന്ദരേശൻ നായർ:

,, വട്ടിയൂർക്കാവ് രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1976 മാർച്ചു മാസത്തിനുശേഷം സംസ്ഥാന പോലീസ് സർവ്വീസിൽനിന്നും എത്ര പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്;

(ബി) ഏതെല്ലാം റാങ്കിലുള്ളവർ, ഐ.പി.എസ്. കാർ എത്ര;

(സി) സ്തുത്യർഹമായ സേവനത്തിന് ഇൻഡ്യൻ പ്രസിഡൻറിന്റെ അവാർഡുകൾ ലഭിച്ച എത്ര പോലീസ് ഉദ്യോഗസ്ഥൻമാർ പ്രസ്തുത സസ്പെൻഷനിൽപ്പെട്ടിട്ടുണ്ട്;

(ഡി) അവരുടെ കേസുകളിൻമേൽ എത്രയും പെട്ടെന്നു തീരുമാനങ്ങൾ എടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 931

(ബി)

ഡി.ഐ.ജി. ഓഫ് പോലീസ്	2
സൂപ്രണ്ട് ഓഫ് പോലീസ്	2
ഡി.വൈ.എസ്.പി.	5
സർക്കിൾ ഇൻസ്പെക്ടർമാർ	8
സബ് ഇൻസ്പെക്ടർമാർ	73
അസി. സബ് ഇൻസ്പെക്ടർമാർ	10
ഹെഡ്കോൺസ്റ്റബിൾമാർ	177
പോലീസ് കോൺസ്റ്റബിൾമാർ	654
ഐ.പി. എസ്സുകാർ	3

LIBRARY ARCHIVES Kerala Legislative Assembly